**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5788** **08-11-2021 - ൽ മറുപടിയ്ക്ക്**

**മഞ്ചേശ്വരത്ത് വ്യവസായ പാർക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ കെ എം അഷ്‌റഫ് | | **Shri. P. Rajeeve**<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിലെ നിലവിലെ വ്യവസായ പാർക്കുകൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ; | (എ) | കാസർഗോഡ് ജില്ലയിൽ വ്യവസായ വാണിജ്യ ഡയറക്ടറുടെ ഉടമസ്ഥതയിലുള്ള അനന്തപുരം വ്യവസായ വികസന ഏരിയ, അനന്തപുരം വ്യവസായ വികസന പ്ലോട്ട്, ചട്ടഞ്ചാൽ വ്യവസായ വികസന പ്ലോട്ട്, നിർദ്ദിഷ്ട മടിക്കൈ പുതുക്കൈ വ്യവസായ വികസന പ്ലോട്ട് (പ്രവർത്തനമാരംഭിച്ചിട്ടില്ല) എന്നിവയും സീതാംഗോലിയിൽ കിൻഫ്രയുടെ ഒരു വ്യവസായ പാർക്കും സിഡ്കോയുടെ ഉടമസ്ഥതയിൽ ഒരു വ്യവസായ എസ്റ്റേറ്റും ഒരു കാഞ്ഞങ്ങാട് മിനി വ്യവസായ എസ്റ്റേറ്റും നിലവിലുണ്ട്. |
| (ബി) | മഞ്ചേശ്വരം താലൂക്കിൽ വ്യവസായ പാർക്ക് തുടങ്ങുന്നത് സർക്കാരിന്റെ പരിഗണനയിൽ ഉണ്ടോ എന്ന് വ്യക്തമാക്കുമോ; | (ബി) | മഞ്ചേശ്വരം താലൂക്കിൽ അനന്തപുരം വ്യവസായ വികസന ഏരിയ, അനന്തപുരം വ്യവസായ വികസന പ്ലോട്ട് എന്നിങ്ങനെ 2 പാർക്കുകൾ നിലവിലുണ്ട്. കാസർഗോഡ് കിൻഫ്ര പാർക്കിന്റെ വികസനവുമായി ബന്ധപ്പെട്ട് മഞ്ചേശ്വരം മണ്ഡലത്തിൽ ഉൾപ്പെടുന്ന 21.07 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ പൂർത്തിയായശേഷം മാസ്റ്റർപ്ലാൻ തയ്യാറാക്കി അടിസ്ഥാന സൗകര്യം ഒരുക്കുന്നതിന് ലക്ഷ്യമിടുന്നു. |
| (സി) | മഞ്ചേശ്വരം താലൂക്കിൽ വ്യവസായ പാർക്ക് തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കുമോ? | (സി) | മഞ്ചേശ്വരം താലൂക്കിൽ അനന്തപുരം വ്യവസായ വികസന ഏരിയ, അനന്തപുരം വ്യവസായ വികസന പ്ലോട്ട് എന്നിങ്ങനെ 2 പാർക്കുകൾ നിലവിലുണ്ട്. കാസർഗോഡ് കിൻഫ്ര പാർക്കിന്റെ വികസനവുമായി ബന്ധപ്പെട്ട് മഞ്ചേശ്വരം മണ്ഡലത്തിൽ ഉൾപ്പെടുന്ന 21.07 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ പൂർത്തിയായശേഷം മാസ്റ്റർപ്ലാൻ തയ്യാറാക്കി അടിസ്ഥാന സൗകര്യം ഒരുക്കുന്നതിന് ലക്ഷ്യമിടുന്നു. |

സെക്ഷൻ ഓഫീസർ